പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 237

02.03.2020 -ൽ മറുപടിക്ക്

## മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനം

ചോദ്യം

ശ്രീ.ആർ.രാജേഷ്

മറുപടി

കെ.കെ. ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാവേലിക്കര ജില്ലാ ആശുപത്രിയെ ആധുനിക നിലവാരത്തിലേക്ക് ഉയർത്തുന്നതിന് കിഫ്ബി മുഖാന്തരം തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | മാവേലിക്കര ജില്ലാ ആശുപത്രിയുടെ സമഗ്ര വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 16.04.2018 ൽ 102.8 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ ഇൻകെൽ വിശദമായ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും 16.09.2019 ന് 102.79 കോടി രൂപയ്ക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തിരുന്നു. ടെണ്ടർ നടപടിയുടെ മുന്നോടിയായുള്ള സാങ്കേതിക അനുമതിയ്ക്കുള്ള പ്രൊപ്പോസൽ ഇൻകൽ സമർപ്പിക്കുകയും 17.02.2020 ന് ചേർന്ന ടെക്നിക്കൽ കമ്മറ്റി ഇത് പരിശോധിച്ച് ചില ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ടെക്നിക്കൽ കമ്മറ്റി നിർദ്ദേശിച്ച ഭേദഗതികൾ ലഭ്യമാക്കി സാങ്കേതികാനുമതി നൽകുന്ന നടപടിയാണ് ഇനി അവശേഷിക്കുന്നത്. സാങ്കേതികാനുമതി നൽകിയശേഷമാണ് ടെണ്ടർ നടപടികൾ ആരംഭിക്കുക. |

സെക്ഷൻ ഓഫീസർ